"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: രതീശൻ സി )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം -വർക്ക്ഷോപ്പ് അറ്റൻഡർ(കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാം അസിസ്റ്റന്റ്) തസ്തികയിലെ ജീവനക്കാർക്ക് ജൂനിയർ ഇൻസ്ട്രക്ടർ (കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാം അസിസ്റ്റന്റ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം -അനുവദിച്ച് ഉത്തരാവകുന്നു.

പരാമർശം:- 1. 29.11.1971-ലെ 408/71/പി.ഡി നമ്പരായ വിജ്ഞാപനം

2. 24.04.2008-ലെ 9855/സി/2008/തൊഴിൽനമ്പരായ സർക്കാർകത്ത്

3.17.02.2021-ലെ DT/3306/2020-A2 നമ്പരായ ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

**ഉത്തരവ് നമ്പർ: DT/1440/2019-A2, തീയതി: 29-11-2023**

പരാമർ ശം (1) ലെ സർക്കാർ വിജ്ഞാപന പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഒഴിവുകൾ 3:1 എന്ന അനുപാതത്തിൽ നേരിട്ടും വ്യാവസായിക പരിശീലന വകുപ്പിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം മുഖേനയും നികത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാനക്കയറ്റത്തിനായി ഒഴിവുകളുടെ അനുപാതം നിശ്ചയിക്കേണ്ടത് തസ്തികയിലെ അംഗബലത്തിലെ അടിസ്ഥാനത്തിൽ ആണ് എന്ന് രണ്ടാം പരാമർശ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽസാഹചര്യങ്ങളിൽ, നിലവിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഓരോ ട്രേഡിലെയും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം, വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകപ്പെട്ട് നിലവിൽ ഇൻസ്ട്രക്ടർ തസ്തികയിൽ ഓരോ ട്രേഡിലും സേവനത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിലും, ഓരോ ട്രേഡിലും നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ, മൂന്നാം പരാമർശപ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാരിൽ നിന്നും ഒന്നാം പരാമർശ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത മാനദണ്ഡ പ്രകാരവും അനുപാതപ്രകാരവും ജൂനിയർ ഇൻസ്ട്രക്ടർ (കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാം അസിസ്റ്റന്റ്) തസ്തികയിൽസ്ഥാനക്കയറ്റത്തിന് അർഹരായ താഴെപ്പറയുന്ന ജീവനക്കാരെ കേരള സംസ്ഥാന കീഴ്ദ്യോഗസ്ഥ സേവനവ്യവസ്ഥകളിലെ ചട്ടം-9എ(1) അനുസരിച്ച് 37400-79000 രൂപ ശമ്പളനിരക്കിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ അവരുടെ പേരുകൾക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്ന ഐ.ടി.ഐ കളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്, തസ്തിക നിലവിൽ സേവനത്തിലുള്ള സ്ഥാപനം | വർക്കഷോപ്പ് അറ്റൻഡർ തസ്തികയിൽസേവനത്തിൽ വന്ന | യോഗ്യത | സ്ഥാനക്കയറ്റം നിൽകി നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | തീയതി | | |
| 1 | 21 | **രമ്യ ആർ നായർ**<br>വർക്ക്ഷോപ്പ്<br>അറ്റന്റർ<br>ഐടിഐ<br>ഏറ്റുമാനൂർ | 24.07.2017 | Diploma in Computer Engineering | ഐടിഐ കായംകുളം |
| 2 | 22 | **ഹരിലാൽ എച്ച്**<br>വർക്ക്ഷോപ്പ്<br>അറ്റന്റർ<br>ഐടിഐ(വനിത)<br>ചാലക്കുടി | 31.07.2017 | Diploma in Computer Engineering<br>CITS Certificate | ഐടിഐ പേരാമ്പ്ര |
| 3 | 23 | **സുമിത പി.കെ**<br>വർക്ക്ഷോപ്പ്<br>അറ്റന്റർ<br>ഐടിഐ<br>(വനിത)<br>കളമശേരി | 26.07.2017 | Diploma in Computer Engineering | ഐടിഐ കട്ടപ്പന |
| 4 | 24 | **ഷിബു ജെ**<br>വർക്ക്ഷോപ്പ്<br>അറ്റന്റർ<br>ഐടിഐ<br>(വനിത)<br>കൊല്ലം | 24.07.2017 | Diploma in Computer Engineering<br>CITS Certificate | ഐടിഐ പേരാമ്പ്ര |

വകുപ്പിലെ 27 ഡിപ്ലോമ യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലേക്ക് പരിഗണിക്കുന്നതിനും അവരെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് നിയമിക്കുന്നതിന് മുൻപ് CTI ട്രെയിനിംഗിന് നിയോഗിക്കാൻ ഡയറക്ടർക്ക് അനുമതിയും നൽകി സ.ഉ(സാധാ)നം 603/17/തൊഴിൽ തീയതി 05.05.17 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത്തരത്തിൽ വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകിയതും മേൽ പറഞ്ഞിട്ടുള്ളതുമായ രമ്യ ആർ നായർ,സുമിത പി.കെ എന്നിവരെ സിടിഐ ട്രെയിനിംഗിനായി നിയോഗിച്ചിരുന്നു എങ്കിലും സീറ്റിന്റെ അപര്യാപ്തത മൂലം അവർക്ക് ട്രെയിനിംഗിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല.തങ്ങളുടേതല്ലാത്ത കാരണത്താൽ CTI ട്രെയിനിംഗിന് പങ്കെടുക്കാൻ സാധിക്കാത്ത ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും തുടർന്നുള്ള അവസരങ്ങളിൽ അവരെ ട്രെയിനിംഗിൽ പങ്കെടുപ്പിക്കുന്നതിനും വ്യാവസായിക പരിശീലന വകുപ്പിലെ സ്പെഷ്യൽ റൂൾ ചട്ടം-6 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.ഈ ഉത്തരവ് പ്രകാരം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകുന്ന രമ്യ ആർ നായർ,സുമിത പി.കെ എന്നിവർ തൊട്ടടുത്ത അവസരത്തിൽ തന്നെ ട്രെയിനിംഗിൽ

പങ്കെടുത്ത് ആവശ്യമായ യോഗ്യത ആർജിക്കേണ്ടതാണ്.

ടി ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം നൽകപ്പെട്ട മേൽപ്പറഞ്ഞ ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾകേരളാ ക്രാഫ്റ്റ്സ്മെൻട്രെയിനിംഗ് സബോഡിനേറ്റ് സർവീസ് റൂൾസ് ചട്ടം-6——ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. കേരളാ ക്രാഫ്റ്റ്സ്മെൻട്രെയിനിംഗ് സബോഡിനേറ്റ് സർവീസ് റൂൾസ് ചട്ടം-7(ii) -ലെ വ്യവസ്ഥ പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ തുടർച്ചയായ രണ്ട് വർഷക്കാലയളവിലെ ഒരു വർഷ സേവനകാലം പ്രൊബേഷൻകാലയളവായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം നൽകപ്പെട്ട മേൽപ്പറഞ്ഞ ജീവനക്കാർനിലവിലെ തസ്തികയിൽനിന്നും വിടുതൽവാങ്ങി പുതിയ തസ്തികയിൽസേവനത്തിൽപ്രവേശിക്കേണ്ടതാണ്. ടി ജീവനക്കാർനിലവിൽ സേവനത്തിലുള്ള സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാർ ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും, ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതും ആണ്. ടി ജീവനക്കാർ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന വിവരം ബന്ധപ്പെട്ട സ്ഥാപനമേലധികാരികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം നൽകപ്പെട്ട ജീവനക്കാർക്ക് ദിനബത്ത, സേവനത്തിൽ പ്രവേശിക്കുന്ന കാലയളവ്, യാത്രാബത്ത എന്നിവയ്ക്ക് നിയമാനുസൃതം അർഹതയുണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

Signed by
Retheesan.c
Date: 29-11-2023 10:54:1

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)

പകർപ്പ്:-1. ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്, 2. ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ3. സി.എ (ഡി.റ്റി)/സി.എ (എ.ഡി.റ്റി), 4 എസ്.എസ് (എ)/ജെ.എസ്(എ), 5. എ6 (വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന്) 6.എ9 സീറ്റ് 7. എസ്.എഫ് (എ2), 7 വകുപ്പ് വെബ്സൈറ്റ്